# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്തംബർ 12<br>September 12 | 2018 |
|---|---|

*1193 ചിങ്ങം 27 ബുധൻ*

# പത്രക്കുറിപ്പ് 1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ജില്ലയിൽ 206190 കുടുംബങ്ങൾ സൗജന്യറേഷൻ കൈപ്പറ്റി;**
**ഇനി വാങ്ങാനുള്ളത് 116654 കുടുംബങ്ങൾ**

പ്രളയക്കെടുതിയോടനുബന്ധിച്ച് ജില്ലയിലെ 322844 കാർഡുടമകൾക്ക് സൗജന്യമായി അനുവദിച്ച അഞ്ച് കിലോഗ്രാം അരി ഇതുവരെ കൈപ്പറ്റിയത് 206190 കാർഡുടമകൾ. 116654 കാർഡുടമകൾ സൗജന്യറേഷൻ ഇതുവരെ കൈപ്പറ്റിയിട്ടില്ല. സൗജന്യറേഷൻ കൈപ്പറ്റുന്നതിനുള്ള തീയതി ഈ മാസം 15 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതായി ജില്ലാ സപ്ലൈ ഓഫീസർ എം.എസ്. ബീന അറിയിച്ചു. ഓണത്തോടനുബന്ധിച്ച് കാർഡുടമകൾക്ക് അനുവദിച്ച സ്പെഷ്യൽ പഞ്ചസാരയും ഈ മാസം 15 വരെ കൈപ്പറ്റാം. എഎവൈ കാർഡുടമകൾക്ക് 21 രൂപ നിരക്കിലും മറ്റുള്ളവർക്ക് 22 രൂപ നിരക്കിലുമാണ് പഞ്ചസാര നൽകുന്നത്. പ്രളയക്കെടുതിയിൽ റേഷൻകാർഡുകൾ നഷ്ടപ്പെട്ടവർക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡുകൾ നൽകുന്നതിന് എല്ലാ താലൂക്ക് സപ്ലൈ ഓഫീസുകളിലും പ്രത്യേക കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലയിൽ ഇതുവരെ പ്രളയക്കെടുതിയിൽ കാർഡ് നഷ്ടപ്പെട്ട 249 പേർ ഡ്യൂപ്ലിക്കേറ്റ് കാർഡുകൾക്കായി അപേക്ഷ നൽകി. അപേക്ഷ നൽകിയ എല്ലാവർക്കുമുള്ള കാർഡുകൾ 24 മണിക്കൂറിനുള്ളിൽ തയ്യാറാക്കുന്നുണ്ട. ഇതുവരെ 220 പേർ ഡ്യൂപ്ലിക്കേറ്റ് കാർഡുകൾ വിവിധ താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട്.

(പിഎൻപി 2811/18)

## പ്രളയക്കെടുതി ലോകബാങ്ക്, എഡിബി പ്രതിനിധികളുടെ സന്ദർശനത്തിനുള്ള ഒരുക്കങ്ങൾ ഉടൻ പൂർത്തിയാക്കാൻ ജില്ലാ കളക്ടറുടെ നിർദ്ദേശം

പ്രളയക്കെടുതിയിൽ ജില്ലയിൽ ഉണ്ടായ നാശനഷ്ടം വിലയിരുത്തന്നതിനായി ഈ മാസം 15ന് ലോകബാങ്കിന്റെയും ഏഷ്യൻ വികസന ബാങ്കിന്റെയും പ്രതിനിധികൾ നടത്തുന്ന സന്ദർശനത്തിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ ഉടൻ പൂർത്തിയാക്കാൻ ജില്ലാ കളക്ടർ പി.ബി. നൂഹ് എല്ലാ ജില്ലാതല ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകി. ലോകബാങ്ക് പ്രതിനിധികളുടെ സന്ദർശനവുമായി ബന്ധപ്പെട്ട് നൽകേണ്ട വിവരങ്ങൾ ക്രോഡീകരിക്കുന്നതിന് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ. തിരുവല്ല. കോഴഞ്ചേരി, റാന്നി, കോന്നി താലൂക്കുകളിലാണ് ലോകബാങ്കിന്റെയും എഡിബിയുടേയും പ്രതിനിധികൾ സന്ദർശനം നടത്തി നാശനഷ്ടം നേരിട്ട് വിലയിരുത്തുന്നത്. ഓരോ വകുപ്പും ഉണ്ടായ നഷ്ടം പൂർണമായും തിട്ടപ്പെടുത്തി നിശ്ചിത പ്രൊഫോമയിൽ കളക്ട്രേറ്റിലേയ്ക്ക് നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. വാട്ടർ അതോറിറ്റി, ഇറിഗേഷൻ, ഫുഡ് സേഫ്റ്റി, കൃഷി, മൃഗസംരക്ഷണം, സെയിൽടാക്സ്, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ നാശനഷ്ടങ്ങളുടെ ഡാറ്റാ എൻട്രി പൂർത്തിയായി. മറ്റ് വകുപ്പുകളുടെ വിവരങ്ങൾ ഉടൻ പൂർത്തിയാക്കി ഇന്ന് (13ന്) അന്തിമയോഗം ചേർന്ന് ഇത് സംബന്ധിച്ച വിലയിരുത്തൽ നടത്തും. വിവിധ വകുപ്പുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ ഫോട്ടോകളും, വീഡിയോകളും  പവർപോയിന്റ് പ്രസന്റേഷനിലൂടെ സംഘാംഗങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കും. സംഘത്തിന്റെ സന്ദർശനത്തിന്റെ ഏകോപനചുമതല പൂർണമായും റവന്യൂവകുപ്പിനാണ്. യോഗത്തിൽ ജില്ലാ പോലീസ് മേധാവി ടി.നാരായണൻ, അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് പി.ടി എബ്രഹാം, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടർ എസ്. ശിവപ്രസാദ്, വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 2812/18)

## ജില്ലയിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നത് 114 പേർ

പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകളിൽ ഇനി ബാക്കിയുള്ളത് 114 പേർ. തിരുവല്ല താലൂക്കിലെ ഒരു ക്യാമ്പിൽ 17 കുടുംബങ്ങളിലെ 44 പേരും കോഴഞ്ചേരി താലൂക്കിലെ ഒരു ക്യാമ്പിൽ 27 കുടുംബങ്ങളിലെ 70 പേരുമാണ് കഴിയുന്നത്.

(പിഎൻപി 2813/18)

## ഭാഗ്യക്കുറി ക്ഷേമനിധി സ്കോളർഷിപ്പ്

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ഉപരിപഠനത്തിന് ഒറ്റത്തവണ സ്കോളർഷിപ്പ് നൽകുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. മെഡിക്കൽ/ എഞ്ചിനിയറിംഗ്/ നഴ്സിംഗ്/ പാരാമെഡിക്കൽ ബിരുദം, പോളിടെക്നിക്ക് ഡിപ്ലോമ, ബിരുദം/ബിരുദാനന്തര ബിരുദം, എംബിഎ, എംസിഎ കോഴ്സുകൾ പഠിക്കുന്നവർക്ക് അപേക്ഷിക്കാം. കുറഞ്ഞത് ഒരു വർഷമെങ്കിലും തുടർച്ചയായി അംശാധായം അടച്ചിട്ടുള്ളവരായിരിക്കണം അപേക്ഷകർ. കേരളത്തിലുള്ള കോളേജുകളിൽ റെഗുലറായി പഠിക്കുന്നവർക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ. വിദൂരവിദ്യാഭ്യാസം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ പരിഗണിക്കില്ല. താൽപ്പര്യമുള്ളവർ നിശ്ചിത പ്രോഫോമയിലുള്ള

അപേക്ഷ ഈമാസം 30ന് മുമ്പ് ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ നൽകണം. ഫോൺ 04682222709

(പിഎൻപി 2814/18)

## വിദ്യാഭ്യാസ അവാർഡ്

സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്നു. 2018 മാർച്ചിൽ സംസ്ഥാന സിലബസിലോ, സിബിഎസ്ഇ സിലബസിലോ 10,12 ക്ലാസുകളിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്കാണ് അവാർഡ്. 2018 ജൂൺ വരെ ക്ഷേമനിധിയിൽ അംഗത്വമെടുത്ത് സജീവ അംഗത്വം നിലനിർത്തുന്ന അംഗങ്ങളുടെ കുട്ടികൾക്കാണ് അവാർഡ് നൽകുന്നത്. അപേക്ഷകൾ ഈമാസം 30 വരെ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫീസിൽ സ്വീകരിക്കും. ഫോൺ 04682222709

(പിഎൻപി 2815/18)

## ഗസ്റ്റ് ഇൻസ്ട്രക്ടർ ഒഴിവ്

ചെന്നീർക്കര ഐടിഐയിൽ വെൽഡർ, പ്ലംബർ, ഫുഡ് പ്രൊഡക്ഷൻ ജനറൽ എന്നീ ട്രേഡുകളിൽ ഗസ്റ്റ് ഇൻസ്ട്രക്ടർമാരുടെ ഒഴിവുണ്ട്. ബന്ധപ്പെട്ട ട്രേഡിൽ ഡിഗ്രി/ഡിപ്ലോമ/ ഐടിഐ യോഗ്യതയും പ്രവൃത്തിപരിയമുള്ളവർ നാളെ (14ന്) രാവിലെ 11ന് ഐടിഐയിൽ നടക്കുന്ന കൂടിക്കാഴ്ചയിൽ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം പങ്കെടുക്കണം.

(പിഎൻപി 2816/18)

## ഫീമെയിൽ തെറാപ്പിസ്റ്റ് ഒഴിവ്

ഭാരതീയ ചികിത്സാവകുപ്പിന്റെ കീഴിൽ ജില്ലയിൽ നടപ്പാക്കി വരുന്ന രാരീരം പദ്ധതിയിലേയ്ക്ക് ഫീമെയിൽ തെറാപ്പിസ്റ്റ് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. കേരളസർക്കാർ നടത്തുന്ന ഒരു വർഷ ആയുർവ്വേദ തെറാപ്പിസ്റ്റ് കോഴ്സ് യോഗ്യതയുള്ള 50 വയസിൽ താഴെ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. 12000 രൂപയാണ് പ്രതിമാസ വേതനം. താൽപ്പര്യമുള്ളവർ ഈമാസം 19ന് രാവിലെ 11ന് പത്തനംതിട്ട മേലേവെട്ടിപ്പുറത്തുള്ള ഭാരതീയചികിത്സാ വകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി എത്തണം.ഫോൺ 04682324337

(പിഎൻപി 2817/18)

## സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ ഒഴിവ്

ഭാരതീയ ചികിത്സാവകുപ്പിന്റെ കീഴിൽ ജില്ലയിൽ നടപ്പാക്കി വരുന്ന രാരീരം പദ്ധതിയിലേയ്ക്ക് സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. ബിഎഎംഎസും, കൗമാരഭൃത്യയിലോ പ്രസൂതിതന്ത്രയിലോ പിജി യോഗ്യതയും ഉള്ള 50 വയസിൽ താഴെ പ്രായമുള്ളവരായിരിക്കണം അപേക്ഷകർ. പ്രതിമാസം 32000 രൂപ വേതനം ലഭിക്കും. താൽപ്പര്യമുള്ളവർ ഈ മാസം 19ന് രാവിലെ

11ന് പത്തനംതിട്ട മേലേവെട്ടിപ്പുറത്തുള്ള ഭാരതീയചികിത്സാ വകുപ്പിന്റെ ജില്ലാ മെഡിക്കൽ ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി എത്തണം. ഫോൺ 04682324337

(പിഎൻപി 2818/18)

## പ്രളയത്തെ തോൽപ്പിച്ച് കൺമണികളെത്തി

മൂന്ന് പെൺകരങ്ങളിലൂടെ ഭൂമിയിലെത്തിയത് രണ്ട് പെൺകുരുന്നുകൾ.....കൺമണിയെ കാത്ത മൂന്ന് പെൺകരങ്ങളുടെ വാർത്ത നാം മാധ്യമങ്ങളിലൂടെ വായിച്ചറിഞ്ഞിട്ട് ദിവസങ്ങളായില്ല. പ്രളയം വരുന്നുവെന്ന ജാഗ്രതാനിർദ്ദേശങ്ങൾ കടന്ന് വെള്ളം വീട്ട് മുറ്റത്തെത്തിയപ്പോൾ എന്ത് ചെയ്യണമെന്നറിയാതെ പകച്ച് പോയ തോട്ടപ്പുഴശ്ശേരി സ്വദേശിയായ അനീഷിന് ദൈവത്തിന്റെ സഹായമെത്തിയത് മൂന്ന് സ്ത്രീരത്നങ്ങളുടെ രൂപത്തിലായിരുന്നു. പെൺകരങ്ങളുടെ കരുതലിലൂടെ ജീവിതത്തിലേക്ക് കൺമണികളെ മടക്കി കിട്ടിയതിന്റെ സന്തോഷത്തിലാണ് അനീഷ്. ആറന്മുള എംഎൽഎ വീണാ ജോർജ്ജിന്റേയും, തോട്ടപ്പുഴശ്ശേരി വില്ലജ് ഓഫീസർ ദിവ്യ കോശിയുടേയും, തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് പ്രസിഡന്റ് എൽസി ക്രിസ്റ്റഫറിന്റേയും സമയോചിതമായ ഇടപെടലാണ് അനീഷിനും ഭാര്യ സജ്നയ്ക്കും തുണയായത്. വിവാഹശേഷം ആറ് വർഷത്തെ കാത്തിരിപ്പിനൊടുവിൽ ജീവിതത്തിൽ ലഭിച്ച പ്രതീക്ഷ കുതിച്ചെത്തിയ വെള്ളത്തിന് മുമ്പിൽ ചോദ്യചിഹ്നമായപ്പോൾ കോയിപ്രം ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കായ അനീഷ് ആദ്യം വിളിച്ചത് വീണാജോർജ് എംഎൽഎയെ ആയിരുന്നു. കാര്യങ്ങളുടെ ഗുരുതരാവസ്ഥ മനസിലാക്കിയ എംഎൽഎ ഉടൻ തന്നെ തോട്ടപ്പുഴശ്ശേരി വില്ലേജ് ഓഫീസർ ദിവ്യ കോശിയെ അനീഷിന്റെയും കുടുംബത്തിന്റെയും അവസ്ഥ അറിയിക്കുകയും രക്ഷാപ്രവർത്തനങ്ങൾ വേഗത്തിലാക്കുകയുമായിരുന്നു. തുടർന്ന് വില്ലേജ് ഓഫീസർ പ്രസിഡന്റ് എൽസി ക്രിസ്റ്റഫറിന്റെ കൂടി സഹായത്തോടെ അനീഷിന്റെ വീട്ടിലേയ്ക്ക് കടത്തു വെള്ളം എത്തിച്ചെങ്കിലും അതിശക്തമായ ഒഴുക്കിനെ തുടർന്ന് ഗർഭിണിയായ യുവതിയെ വള്ളത്തിൽ രക്ഷിക്കാൻ കഴിയില്ലായെന്ന് വള്ളക്കാർ അറിയിച്ചു. പിന്നീട് ഫയർഫോഴ്സിന്റെ ഡിങ്കി ബോട്ട് ഇവിടേയ്ക്ക് എത്തിച്ച് കുത്തൊഴുകിയെത്തിയെ വെള്ളത്തിൽ നിന്നും ഇരുവരെയും രക്ഷിച്ച് കരയ്ക്കെത്തിച്ചത് ഒരു സിനിമാക്കഥ പോലെയായിരുന്നു. ഈ മൂന്ന് സ്ത്രീകൾക്കൊപ്പം വാർഡ് മെമ്പറായ ടി.ജി പ്രകാശ്കുമാറുമുണ്ടായിരുന്നു. സജ്നയെ വള്ളത്തിൽ കയറ്റി വിട്ട ശേഷം തിരിച്ച് വരാനാകാതെ തോട്ടപ്പുഴശ്ശേരി വില്ലേജ് ഓഫീസർ ദിവ്യ കോശി ഇവിടെ കുടുങ്ങിപ്പോയിരുന്നു. തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ എത്തിച്ച സജ്നയ്ക്ക് വൈദ്യപരിശോധനകൾക്ക് ശേഷം വിശ്രമം അനുവദിച്ചെങ്കിലും കഴിഞ്ഞ ദിവസം പെട്ടെന്ന് വേദന വരികയും ആശുപത്രിയിലെത്തിക്കുകയുമായിരുന്നു. പ്രളയം സമ്മാനിച്ച ഭീതി കാരണമുണ്ടായ ടെൻഷൻ അപ്പോഴും സജ്നയ്ക്ക് വിട്ട് പോയിരുന്നില്ല. കുറച്ച് സങ്കീർണതകളുണ്ടായെങ്കിലും ശസ്ത്രക്രിയയിലൂടെ കുഞ്ഞുങ്ങളെ പുറത്തെടുക്കുകയായിരുന്നു. ഈ വാർത്ത ഏറെ സന്തോഷമുണ്ടാക്കുന്ന കാര്യമാണെന്നും, ഇരട്ടക്കുട്ടികൾ ഇരട്ടിസന്തോഷമാണെങ്കിൽ അത് പെൺകുട്ടികളായത് അതിലേറെ സന്തോഷമുണ്ടാക്കുന്ന കാര്യമാണെന്നും വീണാജോർജ്ജ് എം.എൽ.എ പറഞ്ഞു.

(പിഎൻപി 2819/18)

## പ്രളയശേഷവും കർഷകർക്ക് ആശ്വാസമായി ക്ഷീരവികസനവകുപ്പും മിൽമയും

ജില്ലയിലെ ക്ഷീരകർഷകർക്ക് കൈത്താങ്ങായി ക്ഷീരവികസനവകുപ്പും മിൽമയും. 562 കർഷകരെ പ്രളയം പ്രത്യക്ഷത്തിൽ ബാധിച്ചപ്പോഴും ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഏറെ സഹായങ്ങൾ മിൽമയ്ക്ക് ചെയ്യാൻ സാധിച്ചു. പാൽ വരുന്ന പൗച്ചുകളിൽ വെള്ളം നിറച്ച് റിലീഫ് ക്യാമ്പുകളിലെത്തിച്ചത് മുതൽ ചില്ലിംഗ് സെന്ററുകളുടേയും സൊസൈറ്റികളുടേയും മുകളിൽ പ്രവർത്തിക്കുന്ന ഫെസിലിറ്റേഷൻ സെന്റർ ദുരിതാശ്വാസക്യാമ്പുകളായി വിട്ടുകൊടുത്തത് വരെ നീളുന്നു ഇവരുടെ പ്രവർത്തനങ്ങൾ. കൂടാതെ സൊസൈറ്റികളിൽ നിന്ന് ലഭിച്ച പാൽ ക്യാമ്പുകളിലെ ദുരിതബാധിതർക്ക് എത്തിച്ച്കൊടുക്കുകയും ഇവർ ചെയ്തു. ക്ഷീരകർഷകർക്ക് വലിയ നഷ്ടമാണ് പ്രളയത്തിലൂടെ ഉണ്ടായത്. 7835000 രൂപയാണ് പശുത്തൊഴുത്തുകൾക്ക് മാത്രമുണ്ടായ പൂർണമായ നഷ്ടം. 6814500 രൂപയാണ് ഭാഗികമായി നശിച്ച് പോയ പശുത്തൊഴുത്തുകളുടെ നഷ്ടം. 8216 സെന്റ് സ്ഥലത്തെ പുൽകൃഷി പ്രളയത്തിൽ നശിച്ചു. 123 പശുക്കളാണ് ജില്ലയിൽ പ്രളയത്തിൽ ചത്തൊടുങ്ങിയത്. ഒരു വയസിന് മുകളിൽ പ്രായമുള്ള 32 കിടാങ്ങളും ഒരു വയസിന് താഴെയുള്ള 70 എണ്ണവും ചത്തു. പ്രളയത്തിൽ 30 പാൽ സംഭരണകേന്ദ്രങ്ങളിൽ വെള്ളം കയറി. പാൽസംഭരണ ഉപകരണങ്ങൾ, കംപ്യൂട്ടർ, ബിൽഡിംഗ് , രജിസ്ട്രർ, രേഖകൾ, ഓഫീസ് ഫർണിച്ചറുകൾ, ശേഖരിച്ച് വച്ചിരുന്ന കാലിത്തീറ്റ എന്നിവയുൾപ്പെടെ 3012000 രൂപയുടെ നഷ്ടവും ജില്ലയിൽ സംഭവിച്ചു. വിപണനമേഖലയിൽ ഭീമമായ നഷ്ടം സംഭവിച്ചുവെങ്കിലും കർഷകർക്ക് അടിയന്തരമായ സഹായങ്ങൾ എത്തിച്ചുകൊടുത്തുകൊണ്ട് വകുപ്പ് മാതൃകയായി. 54 ടൺ വരുന്ന 1080 ചാക്ക് കാലിത്തീറ്റ സൗജന്യമായി ക്ഷീരകർഷകർക്ക് എത്തിച്ചുകൊടുത്തു. ഇതിൽ 210 ചാക്ക് മൃഗസംരക്ഷണവകുപ്പ് വഴിയാണ് വിതരണം ചെയ്തത്. 41 മെട്രിക് ടൺ ചോളത്തണ്ടുകൾ സത്യമംഗലം വനമേഖലയിൽ നിന്ന് എത്തിച്ച് പുൽ ലഭ്യമല്ലാത്ത ഇടങ്ങളിൽ എത്തിച്ചു. ദുരിതബാധിതപ്രദേശത്തെ മൃഗങ്ങൾക്ക് വേണ്ടി ചികിത്സാക്യാമ്പുകൾ നടത്തി. സൗജന്യമായി മരുന്നുകളും വിതരണം ചെയ്തു. ഈ മാസം പതിനഞ്ച് വരെ മൃഗചികിത്സാആശുപത്രി യൂണിറ്റുകളിൽ ഡോക്ടർമാരുടെ സേവനം സൗജന്യമായി ലഭ്യമാക്കുന്നുമുണ്ട്. ഒരുമാസത്തേയ്ക്ക് കാലിത്തീറ്റയ്ക്ക് 100 രൂപ ഒരു ചാക്കിനും സബസിഡി പ്രഖ്യാപിച്ചു. കൂടാതെ തൊഴുത്ത് പൂർണമായി നഷ്ടപ്പെട്ടവർക്ക് 15000 രൂപയും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 10000 രൂപയും നൽകുന്നുണ്ട്. ഇതിനുള്ള വിവരശേഖരണം ആരംഭിച്ചു. ജില്ലയിൽ ഇത്രയും നാശനഷ്ടങ്ങൾ സംഭവിച്ചിട്ടും മൂന്ന് ദിവസം മാത്രമാണ് പാൽവിതരണം നിർത്തി വയ്ക്കേണ്ടി വന്നത്.

(പിഎൻപി 2820/18)

## നോട്ട്ബുക്കുകൾ നിർമിച്ച് നൽകി വിദ്യാർത്ഥികൾ

റാന്നി കൊറ്റനാട് എസ്സിവി ഹയർസെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾ പഠനത്തിൽ മാത്രമല്ല ബുക്ക് നിർമാണത്തിലും തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുകയാണ്. പ്രളയത്തിൽ പഠനോപകരണങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്ക് നോട്ട്ബുക്കുകൾ സ്വന്തം കൈകൾ കൊണ്ട് നിർമിച്ചു നൽകുന്നതിന്റെ തിരക്കിലാണ് അവർ. നാഷണൽ സർവ്വീസ് സ്കീമിൽ അംഗമായിട്ടുള്ള 100 വിദ്യാർത്ഥികളുടെ പ്രയത്നത്താൽ

2000 ബുക്കുകൾ ബൈൻഡ് ചെയ്ത് ജില്ലയിലെ വിവിധ സ്കൂളുകളിൽ എത്തിക്കുകയാണ് ഇവരുടെ ലക്ഷ്യം. കഴിഞ്ഞ ഒരു മാസമായി ഇവർ ബുക്ക് നിർമാണരംഗത്ത് സജീവമാണ്. കൊമേഴ്സ് അധ്യാപകനും, നാഷണൽ സർവീസ് ടീം കോഓർഡിനേറ്ററുമായ എ.അരുൺ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകി എല്ലായ്പ്പോഴും അവരോടൊപ്പം ഉണ്ട്. ബുക്കിന്റെ പുറംചട്ട തിരുവനന്തപുരത്ത് നിന്നാണ് പ്രിന്റ് ചെയ്തിരിക്കുന്നത്. പേപ്പറുകൾ കുട്ടികൾ തന്നെ ബൈൻഡ് ചെയ്യുകയാണ്. ഒരു ബുക്കിൽ 180 പേജുകളാണ് ഉള്ളത്. വിവിധ സ്പോൺസറുമാരുടെ കാരുണ്യത്താൽ 50000 രൂപയാണ് ചെലവാക്കുന്ന തുക. കുട്ടികൾ തന്നെയാണ് ബുക്ക് നിർമ്മിച്ച് നൽകുന്നു എന്നതാണ് പ്രത്യേകത. പ്രളയംമൂലം പഠനോപകരണങ്ങൾ നഷ്ടപ്പെട്ട ഒരു കുട്ടിക്ക് ഒരു ബുക്ക് എന്നതാണ് ഉദ്ദേശ്യം. സാധാരണ ദിവസങ്ങളിൽ രാവിലെ 8 മുതൽ 9 വരെയും വൈകിട്ട് 4 മുതൽ 5 വരെയും അവധിദിവസങ്ങളിൽ ശനിയാഴ്ചയുമായാണ് നിർമാണം. പ്രളയസമയങ്ങളിൽ ദുരിതാശ്വാസക്യാമ്പുകളിലേക്ക് 3000 ഭക്ഷണപൊതികൾ എത്തിക്കുകയും, തുടർന്ന് നടന്ന ശുചീകരണപ്രവർത്തനങ്ങളിലും ഇവർ പങ്കാളികളായിരുന്നു.

(പിഎൻപി 2821/18)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്തംബർ 12<br>September 12 | 2018 |
|---|---|

***1193 ചിങ്ങം 27 ബുധൻ***

# പത്രക്കുറിപ്പ് 2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പ്രളയത്തിൽ തകർത്തെറിയപ്പെട്ട പമ്പാ–ത്രിവേണിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ തകൃതിയിൽ;**
**കന്നി മാസ പൂജയ്ക്ക് ശബരിമല നട 16 ന് തുറക്കും**

മഹാപ്രളയം സൃഷ്ടിച്ച കെടുതിയിൽ നിന്ന് എത്രയും വേഗം കരകയറാനുള്ള തീവ്രശ്രമമാണ് പമ്പയിലുംപരിസരപ്രദേശങ്ങളിലും നടക്കുന്നത്.പ്രളയക്കെടുതികളിൽ നിന്ന്, ഈ മണ്ഡല–മകരവിളക്ക് തീർത്ഥാടനത്തിന് മുൻപേ മോചനം സാദ്ധ്യമാക്കുമെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ പ്രഖ്യാപനമാണ് പമ്പാനവീകരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ കാരണം.ദേവസ്വം ബോർഡ് പ്രസിഡൻറ് എ.പത്മകുമാർ നേരിട്ടു തന്നെ പമ്പയിലെ പനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ്. ഇതിനായി ദേവസ്വംബോർഡിലെ
മരാമത്ത് വിഭാഗം ഉദ്യോഗസ്ഥരെയും ഒപ്പം കൂട്ടി ,പമ്പയിൽ തന്നെ ക്യാമ്പ് ചെയ്ത് പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുകയാണ് പ്രസിഡൻറ്.മഹാപ്രളയം വരുത്തിയ കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളുടെ പശ്ചാത്തലത്തിലാണ് ഇത്തവണ മണ്ഡല–മകരവിളക്ക് തീർത്ഥാടനത്തിനും മാസപൂജകൾക്കും ശബരിമല അയ്യപ്പക്ഷേത്ര നട തുറക്കുന്നത്.കന്നിമാസപൂജയ്ക്കായി ഈമാസം 16ന് ക്ഷേത്രനട തുറക്കും. തുടർന്നുള്ള അഞ്ച് ദിവസങ്ങളിൽ മാസപൂജയ്ക്കായി ശബരിമലയിലെത്തുന്ന അയ്യപ്പഭക്തർക്കുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ്.പമ്പയിലെയും ത്രിവേണിയിലെയും പാലങ്ങൾക്ക്

അടിയിൽ അടിഞ്ഞുകൂടിയിരുന്ന മണ്ണ് പൂർണ്ണമായും നീക്കം ചെയ്തു. ത്രിവേണി പാലം അവസാനിക്കുന്ന സ്ഥലത്ത് നിന്ന്, അയ്യപ്പഭക്തർക്ക് പമ്പ കടക്കാൻ താൽക്കാലിക സംവിധാനം ഒരുക്കിയിട്ടുണ്ട്. ഈ താൽക്കാലിക പാതയിലൂടെ സഞ്ചരിച്ച്, ടോയിലറ്റ് കോപ്ലെക്സിൻറെ പുറകുവശം വഴിയുള്ള സർവ്വീസ് റോഡിലൂടെ പമ്പാഗണപതിക്ഷേത്രത്തിൽ എത്തിച്ചേരാനാകും.

പ്രളയത്തിൽ വന്നുചേർന്ന ടൺകണക്കിന് മണ്ണ് ,രാപ്പകൽ ഭേദമില്ലാതെ ലോറികളിൽ മാറ്റുന്ന പ്രക്രിയ അവസാനഘട്ടത്തിലാണ്. ബയോടോയ്ലെറ്റുകൾ സ്ഥാപിക്കുന്ന നടപടി അടുത്തദിവസങ്ങളിൽ ആരംഭിക്കും. പമ്പയിലും പരിസരപ്രദേശങ്ങളിലും അയ്യപ്പഭക്തർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു.പ്രളയത്തിൽ തകർന്ന രാമമൂർത്തി മണ്ഡപം ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും പ്രളയത്തിൽ ഒഴുകി വന്ന വൻമരങ്ങളും പാറക്കല്ലുകളും പമ്പാ മണപ്പുറത്ത് നിന്ന് നീക്കം ചെയ്യുന്ന പ്രവർത്തികളും ആരംഭിച്ചിട്ടുണ്ട്. ഈ പ്രക്രിയ പൂർത്തിയായാൽ ഭക്തർക്ക് യഥാർത്ഥ പാതയിലൂടെ സഞ്ചാരം സുഗമമാകും.സർക്കാർ തീരുമാനമനുസരിച്ച് ടാറ്റാകൺസ്ട്രക്ഷൻ കമ്പനിയാണ് പമ്പയിലെ നവീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നത്.ദേവസ്വം ബോർഡിൻറെ നിർദ്ദേശപ്രകാരവുമുള്ള പുനരുദ്ധാരണ ജോലികളാണ് ടാറ്റാ കമ്പനി പമ്പയിൽ നടത്തുന്നത്.അന്തരീക്ഷത്തിലെ ചൂട് കൂടിയത് കാരണം പമ്പയിലെ ജലനിരപ്പ് താഴ്ന്നിട്ടുണ്ട്.പല ഭാഗത്തും പമ്പാനദി വറ്റി വരളുന്നു.പമ്പാനദിയിൽ ഇറങ്ങികയറാതെ തന്നെ അയ്യപ്പഭക്തർക്ക് ത്രിവേണി പാലത്തിലൂടെ മറുകര എത്തി നടന്നുപോകാം.ഗതിമാറി ഒഴുകിയ പമ്പാനദിയെ ചാലുതീർത്ത് കക്കി നദിയുമായി സംഗമിപ്പിച്ചാണ് ദേവസ്വം ബോർഡ് ഇവിടെ താൽക്കാലിക സംവിധാനം ഒരുക്കിയിരിക്കുന്നത്.കന്നിമാസപൂജയ്ക്ക് എത്തുന്ന ഭക്തർക്കുള്ള ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണ് .മണ്ഡല-മകരവിളക്ക് തീർത്ഥാടനം ആരംഭിക്കുന്നതിന് മുൻപ് തന്നെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷ ഭയപ്പാടും ആശങ്കയും ഇല്ലാതെ തന്നെ ഭക്തർക്ക് കന്നിമാസപൂജയ്ക്ക് ശബരിമല ക്ഷേത്ര നട തുറക്കുമ്പോൾ, അയ്യപ്പസന്നിധാനത്ത് എത്താനാ കും

.പമ്പയിൽ അയ്യപ്പഭക്തർക്ക് സ്നാനം നടത്താനും ബലിതർപ്പണം നടത്താനും പ്രത്യേകം സജ്ജീകരണങ്ങൾ ഉണ്ടാകും.അയ്യപ്പഭക്തരുടെ ബെയ്സ് പോയിന്റായി നിലയ്ക്കൽ മാറ്റാനാണ് ബോർഡ് തീരുമാനമെന്നും പ്രസിഡൻറ് അറിയിച്ചു.മണ്ഡല-മകരവിളക്ക് തീർത്ഥാടനം ആരംഭിക്കുന്ന നവംബർ 15 മുതൽ സ്വകാര്യ വാഹനങ്ങൾക്ക് നിലയ്ക്കൽ വരെ മാത്രം പ്രവേശനം എന്നത് നടപ്പാക്കാനാണ് നേരത്തെ തീരുമാനിച്ചത്. എന്നാൽ ഈമാസം 16 മുതൽ ഇത് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കും.നിലയ്ക്കലിൽ വാഹനങ്ങൾ തടയുന്നതിനായി പൊലീസ് ബാരിക്കിഡുകൾ തീർക്കും.അയ്യപ്പഭക്തർക്ക് വേണ്ട നിർദ്ദേശം നൽകുന്നതിന് കൂടുതൽ പൊലീസിനെ നിലയ്ക്കലിൽ വിന്യസിക്കും.നിലയ്ക്കലിൽ പൊലീസ് കൺട്രോൾ റൂം സ്ഥാപിക്കും ഫയർഫോഴ്സ്,ആശുപത്രി സംവിധാനങ്ങളും നിലയ്ക്കലിൽ മാസപൂജ സമയത്ത് തന്നെ പ്രവർത്തന സജ്ജമാകും.നിലയ്ക്കൽ-പമ്പ ചെയിൻ സർവ്വീസിനായി കെഎസ്ആർടിസിയുടെ 60 ഓളം ബസ്സുകൾ ഈമാസം നിലയ്ക്കലിൽ സജ്ജമായിരിക്കും.എല്ലാ സ്വകാര്യ വാഹനങ്ങൾക്കും പാർക്കിംഗിനായി നിലയ്ക്കലിൽ സൗകര്യം മെച്ചപ്പെടുത്തുന്ന ജോലികൾ നിലയ്ക്കലിൽ തകൃതിയായിട്ടുണ്ട്. ഇതിനായി കൂടുതൽ സ്ഥലം ദേവസ്വം ബോർഡ് കണ്ടെത്തി.

ബെയ്സ് ക്യാമ്പ് ലയ്ക്കലാകുന്നതോടെ അയ്യപ്പഭക്തരെ പമ്പയിൽ ക്യാമ്പ് ചെയ്യാൻ അനുവദിക്കില്ല.16 തുറക്കുന്ന ക്ഷേത്ര നട പതിവ് പൂജകൾക്ക് ശേഷം 21 ന് രാത്രി ഹരിവരാസനം പാടിയാണ് അടയ്ക്കും. കണ്ഠരര് രാജീവരര് അടുത്ത ഒരു വർഷത്തേക്കുള്ള തന്ത്രിയായി 16 ന് ചുമതലയേൽക്കും.പ്രളയത്തെ തുടർന്ന് തന്ത്രി കണ്ഠരര് രാജീവർക്ക്

ചിങ്ങമാസ പൂജയ്ക്ക് ശബരിമല സന്നിധാനത്ത് എത്താൻ കഴിഞ്ഞിരുന്നില്ല.അക്കാരണത്താൽ തന്ത്രി കണ്ഠരര് മഹേഷ് മോഹനരാണ് പൂജ ചെയ്യാനായി ക്ഷേത്രത്തിൽ എത്തിയിരുന്നത്. തന്ത്രി കുടുംബവുമായി നേരത്തെയുണ്ടാക്കിയ ധാരണ പ്രകാരം ഇനിയുള്ള ഒരു വർഷം തന്ത്രി കണ്ഠരര് രാജീവരായിരിക്കും ശബരിമല ക്ഷേത്രത്തിൽ പൂജകൾ നടത്തുക.17 മുതൽ 21 വരെ നെയ്യഭിഷേകം,ഉദയാസ്തമനപൂജ,പടിപൂജ,കളഭാഭിഷേകം എന്നിവ ഉണ്ടാകും.21 ന് സഹസ്രകലശാഭിഷേകം നടക്കും. മണ്ഡല -മകരവിളക്ക് തീർത്ഥാടനകാലത്തിലേക്ക് ഇനിയധികം ദൂരമില്ലാത്തതിനാൽ തീർത്ഥാടകക്ഷേമം കുറ്റമറ്റ രീതിയിൽ കാര്യക്ഷമതയോടെ നടപ്പാക്കാനുള്ള തിരക്കിട്ട ,തീവ്രമായ പ്രവർത്തനത്തിലാകും തിരുവിതാംകൂർ ദേവസ്വം ബോർഡും സർക്കാരും ഇനിയുള്ള ദിനങ്ങളിൽ. തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട ഒക്ടോബർ 17 ന് തുറക്കും.ഒക്ടോബർ പതിനെട്ടിന് ശബരിമല-മാളികപ്പുറം മേൽശാന്തി നറുക്കെടുപ്പും നടക്കും.

(പിഎൻപി 2821/18)

## ജില്ലയിൽ 40049 കുടുംബങ്ങൾക്ക് ധനസഹായത്തിനുള്ള ബില്ല് കൈമാറി

ജില്ലയിൽ പ്രളയത്തിനിരയായവർക്കുള്ള 10,000 രൂപ ധനസഹായം 40049 കുടുംബങ്ങൾക്ക് നൽകുന്നതിനുള്ള ബില്ല് ട്രഷറിയിലേക്ക് കൈമാറിയെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. തിരുവല്ല താലൂക്കിൽ 23473 പേരുടേയും കോഴഞ്ചേരി താലൂക്കിൽ 6861 പേരുടേയും മല്ലപ്പള്ളി താലൂക്കിൽ 1204 പേരുടേയും റാന്നി താലൂക്കിൽ 3640 പേരുടേയും കോന്നി താലൂക്കിൽ 2493 പേരുടേയും അടൂർ താലൂക്കിൽ 2378 പേരുടേയും ബില്ലുകൾ ട്രഷറിയിലേക്കു നൽകിയിട്ടുണ്ട്.

്. ജില്ലയിൽ ഔദ്യോഗിക ക്യാമ്പുകളിൽ കഴിഞ്ഞ 24230 പേരും വീടുകളും മറ്റ് സ്ഥലങ്ങളും ഉൾപ്പെടെ ഔദ്യോഗികം അല്ലാത്ത ക്യാമ്പുകളിൽ കഴിഞ്ഞ 21053 പേരും ഉൾപ്പെടെ 45283 പേരെയാണ് ക്യാമ്പുകളിൽ കഴിഞ്ഞതായി കണക്കാക്കിയിട്ടുള്ളത്.

(പിഎൻപി 2822/18)

## പനി: 391പേർ ചികിത്സ തേടി

ജില്ലയിൽ പനി ബാധിച്ച് ഇന്നലെ (12) 391 പേർ ചികിത്സ തേടിയതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. എലിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ 12 പേരിൽ 7 പേർക്ക് എലിപ്പനി സ്ഥിരീകരിച്ചു. ചിറ്റാർ,ഇലന്തൂർ, ആങ്ങമൂഴി, ചാത്തങ്കരി, കുറ്റപ്പുഴ, കുന്നന്താനം, കോയിപ്രം, എന്നിവിടങ്ങളിലാണ് എലിപ്പനി സ്ഥിരീകരിച്ചത്. ഡങ്കിപ്പനി ലക്ഷണങ്ങളോടെ ചികിത്സ തേടിയ രണ്ട് പേരിൽ റാന്നിയിൽ ഒരാൾക്ക് ഡങ്കിപ്പനി സ്ഥിരീകരിച്ചു. വയറിളക്കരോഗങ്ങൾക്ക് 54 പേർ ചികിത്സ തേടി.

(പിഎൻപി 2823/18)

## പ്രിൻസിപ്പൽമാരുടെ യോഗം ഇന്ന് (13)

പ്രളയക്കെടുതിക്ക് ശേഷമുള്ള പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലയിലെ സി.ബി.എസ്.ഇ, ഐ സി എസ് ഇ സ്കൂൾ മാനേജർ/പ്രിൻസിപ്പൽ എന്നിവരുടെ യോഗം ഇന്ന് ഉച്ചയ്ക്ക് ശേഷം 2.30 ന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും. ബന്ധപ്പെട്ട എല്ലാവരും യോഗത്തിൽ പങ്കെടുക്കണ

മെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 2824/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| സെപ്തംബർ 12<br>September 12 | 2018 |
|---|---|

*1193 ചിങ്ങം 27 ബുധൻ*

## പത്രക്കുറിപ്പ് 3



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**സ്വകാര്യ വാഹനങ്ങൾ നിലയ്ക്കൽ ബേയ്സ് ക്യാമ്പ് വരെ മാത്രം**
**ശബരിമലയ്ക്ക് അനുയോജ്യമായ മാസ്റ്റർപ്ലാൻ നടപ്പാക്കും**

### ഹിൽടോപ്പിൽ നിന്നു പമ്പ ഗണപതി ക്ഷേത്രത്തിലേക്ക് പുതിയ പാലം നിർമിക്കും: ദേവസ്വം ബോർഡ് പ്രസിഡന്റ്

വെള്ളപ്പൊക്കമോ മറ്റു ബുദ്ധിമുട്ടുകളോ ഉണ്ടായാൽ തടസം ഉണ്ടാകാത്ത വിധം സ്ഥിരമായ ഒരു പാലം ഹിൽടോപ്പിൽ നിന്ന് പമ്പ ഗണപതി ക്ഷേത്ര അങ്കണത്തിലേക്ക്  നിർമിക്കുമെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് എ. പത്മകുമാർ പറഞ്ഞു. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് പമ്പയിലെ ദേവസ്വം മരാമത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ടാറ്റാ പ്രോജക്ട് ലിമിറ്റഡ്  ഈ പ്രവൃത്തി ഏറ്റെടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. 300 മീറ്റർ നീളത്തിലുള്ള ഇടിഞ്ഞു പോയ മതിലും അവർ നിർമിക്കും. ഇതുരണ്ടും കൂടി ബന്ധപ്പെട്ടതാണ്. ഇവിടെ നിന്നു വേണം പമ്പ ഗണപതി ക്ഷേത്ര പരിസരത്തേക്ക് പാലം നിർമിക്കാൻ. ഈ കാര്യങ്ങളെല്ലാം നല്ല നിലയിൽ നടക്കും. ശബരിമലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഭംഗിയായി നടക്കുന്നതിന് മുഖ്യമന്ത്രിയുടെ ഇടപെടലും നിർദേശങ്ങളും എപ്പോഴും ലഭിക്കുന്നുണ്ട്. ഇന്നലെ രാത്രിയും വിളിച്ച് പമ്പയിലെ കാര്യങ്ങൾ അദ്ദേഹം വിലയിരുത്തി. ശബരിമല സന്നിധാനത്തേക്ക് അയ്യപ്പന്മാരെ ദർശനത്തിനായി എത്തിക്കുന്ന കാര്യത്തിൽ സർക്കാർ അതീവ താൽപര്യത്തോടെയാണ് ഇടപെടുന്നത്. ദേവസ്വം ബോർഡിനെ സംബന്ധിച്ച് സർക്കാർ നൽകു

ന്ന പിന്തുണ വളരെ പ്രധാനപ്പെട്ടതാണ്. തീർഥാടകരുടെ സഹായത്തോടെ ഈ ഉത്സവകാലം നല്ല നിലയിൽ കൊണ്ടുപോകാൻ കഴിയും എന്നാണ് ദേവസ്വം ബോർഡ് പ്രതീക്ഷിക്കുന്നത്.

ശബരിമലയിൽ നൂറു വർഷക്കാലത്തേക്ക് മനസിൽ കണ്ടു കൊണ്ടുള്ള ആസൂത്രണം വേണമെന്നാണ് ദേവസ്വം ബോർഡിന്റെ അഭിപ്രായം. വ്യക്തമായ ധാരണയോടെയുള്ള കാര്യങ്ങളാണ് വേണ്ടത്. ഹിൽടോപ്പിൽ നിന്ന് ഗണപതി ക്ഷേത്ര അങ്കണത്തിലേക്ക് പാലം വന്നാൽ, നദിയിൽ എത്ര വെള്ളം പൊങ്ങിയാലും തീർഥാടകർക്ക് ദർശനത്തിന് പോകാൻ കഴിയും. സ്ഥിരം സംവിധാനമെന്ന രൂപത്തിലാകും പാലം നിർമിക്കുക. പമ്പയിൽ രണ്ടു കരകളിലും ദേവസ്വം ബോർഡിന്റെ കൈവശമുള്ള സ്ഥലത്ത് ടോയ്ലറ്റ് സൗകര്യങ്ങളും മറ്റും ഏറ്റവും ആധുനികമായ രീതിൽ സജ്ജീകരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. നിലയ്ക്കൽ ബേയ്സ് ക്യാമ്പായി മാറുന്നതോടെ അതിന് ഉതകുന്ന സൗകര്യങ്ങൾ അവിടെയും ഉണ്ടാകും. നിലയ്ക്കൽ, പമ്പ കെഎസ്ആർടിസി, പാർക്കിംഗ് ഗ്രൗണ്ട്, ഹിൽടോപ്പ് ഇതെല്ലാം ഉൾപ്പെടുത്തി ശബരിമലയ്ക്ക് അനുയോജ്യമായ  മാസ്റ്റർ പ്ലാൻ നടപ്പാക്കും.

ഈമാസം 16ന് ആരംഭിക്കുന്ന മാസ പൂജയ്ക്കും നവംബർ 17ന് ആരംഭിക്കുന്ന മണ്ഡല പൂജയ്ക്കും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ ദേവസ്വം ബോർഡും ടാറ്റാ പ്രോജക്ട് ലിമിറ്റഡും  തീരുമാനിച്ചിരിക്കുകയാണ്. ഈ പ്രവർത്തനങ്ങളുടെ കോ-ഓർഡിനേറ്ററായി ജില്ലാ കളക്ടറെയാണ് നിശ്ചയിച്ചിട്ടുള്ളത്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ദേവസ്വം ബോർഡും ടാറ്റാ പ്രോജക്ട് ലിമിറ്റഡും ചേർന്ന് പ്രവൃത്തികൾ പൂർത്തീകരിക്കും. നിർമാണ പ്രവർത്തനങ്ങളുടെ പൂർണമായ ചെലവ് തിരുവിതാംകൂർ ദേവസ്വം ബോർഡ് വഹിക്കും. പല മേഖലകളിൽ നിന്നും സഹായം ലഭിച്ചു വരുന്നുണ്ട്. ഈമാസം 16ന് ആരംഭിക്കുന്ന കന്നിമാസ പൂജ മുതൽ നിലയ്ക്കൽ ബേയ്സ് ക്യാമ്പ് വരെ മാത്രമേ സ്വകാര്യ വാഹനങ്ങൾ അനുവദിക്കുകയുള്ളു. ടുവീലറിനും, ത്രീവീലറിനും ഫോർവീലറിനും ഇതു ബാധകമാണ്. അവിടെനിന്നും കെഎസ്ആർടിസിയുടെ ബസിൽ പമ്പയിലേക്ക് എത്തിച്ചേരാം. ശബരിമല മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തിട്ടുള്ളതാണിത്. ഇതുതന്നെയാണ് നിലവിലുള്ള ദേവസ്വം ബോർഡിന്റെയും കാഴ്ചപ്പാട്. ശബരിമലയുടെയും പമ്പയുടെയും പവിത്രത കാത്തു സൂക്ഷിക്കാൻ കഴിയത്തക്ക രൂപത്തിൽ നിലയ്ക്കലിനെ ബേയ്സ് ക്യാമ്പാക്കി കൊണ്ട് ശബരിമല ദർശനം മികച്ച രീതിയിൽ നടത്തണമെന്നാണ് ആഗ്രഹിക്കുന്നത്.

ഈമാസം 16ന് കന്നിമാസ പൂജയ്ക്ക് അയ്യപ്പന്മാർക്ക് ദർശനത്തിനായി സന്നിധാനത്തേക്കു പോകാൻ കഴിയും. നവംബർ 15ന് മുൻപ് എന്തൊക്കെ ആവശ്യങ്ങളുണ്ടോ, അവയെല്ലാം പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പമ്പയിൽ സ്നാനം ചെയ്യുന്നതിനും പിതൃതർപ്പണം ചെയ്യുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തും. വെള്ളപ്പൊക്കത്തിൽ മണൽ വന്നടിഞ്ഞ് നദിയുടെ നീർത്തടം ഉയർന്നിട്ടുണ്ട്. ഇതുമൂലം നേരത്തെ കെട്ടിവച്ച കൽക്കെട്ടുകളെല്ലാം മണ്ണിനടിയിലായിപോയി. ഇതു തെളിച്ചെടുക്കാൻ ശ്രമിക്കുന്നുണ്ട്. ഇതു സാധ്യമായാലും ഇല്ലെങ്കിലും പിതൃതർപ്പണത്തിനുള്ള സംവിധാനങ്ങൾ ഇപ്രാവശ്യം മുതൽ തന്നെയുണ്ടാകും. നദിയെ പഴയ രീതിയിൽ ആക്കാനാണ് ജലസേചന വകുപ്പ് പദ്ധതി തയാറാക്കിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തികളും നടത്തും. പമ്പയുടെ പുനർനിർമാണം പഴയതിനെ അതുപോലെ നിലനിർത്താൻ വേണ്ടിയല്ല. അയ്യപ്പന്മാർക്ക് ശബരിമലയിൽ പോകാനുള്ള സൗകര്യങ്ങളും അതേപോലെ പാരിസ്ഥിതിക പ്രശ്നങ്ങളും നോക്കി മാത്രമേ ചെയ്യുകയുള്ളു. കേരളത്തിന്റെ പുനസൃഷ്ടിയെ കുറിച്ച് മുഖ്യമന്ത്രി പറഞ്ഞപോലെ തന്നെ ഇന്നത്തെ കാലഘട്ടത്തിന്റെ പ്രത്യേകതകളുമായി യോജിക്കത്തക്ക രൂപത്തിലും

അയ്യപ്പന്മാരുടെ താൽപര്യങ്ങളും കൂടി സംരക്ഷിച്ചു കൊണ്ടു മാത്രമേ പമ്പയിലെ നിർമാണ പ്രവൃത്തികൾ നടത്തുകയുള്ളു. ശബരിമലയിലേക്ക് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഒരു കാരണവശാലും അനുവദിക്കില്ല. ഇക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കണമെന്ന് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകിയിട്ടുണ്ട്.

ബേയ്സ് ക്യാമ്പ് സ്ഥിതി ചെയ്യുന്ന സ്ഥലം എന്ന നിലയിൽ നിലയ്ക്കലായിരിക്കും ടോയ്‌ലറ്റ് സൗകര്യം കൂടുതലായി ഒരുക്കുക. ഇക്കാര്യം തീർഥാടകർ ശ്രദ്ധിക്കണം. ശബരിമലയിലും പമ്പയിലും ടോയ്‌ലറ്റുകൾ കുറവായിരിക്കും. ആവശ്യത്തിനുള്ള ടോയ്‌ലറ്റ് സൗകര്യം സജ്ജീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പമ്പയിലെ ഹോട്ടലുകൾ വെള്ളം കയറി നശിച്ചു. മുൻപ് ഇവിടെയുണ്ടായിരുന്നതെല്ലാം താൽക്കാലിക ഷെഡ്ഡുകളായിരുന്നു. കരാർ എടുക്കുന്നവർ താൽക്കാലിക ഷെഡ്ഡുകൾ വച്ച് ഈ സംവിധാനങ്ങൾ ഒരുക്കുയല്ലാതെ സ്ഥിരമായ സംവിധാനം ഒരു കാരണവശാലും നദിക്ക് അകത്ത് അനുവദിക്കുന്ന പ്രശ്നമില്ല. ഇപ്പോൾ ലേലം പിടിച്ചിട്ടുള്ളവർക്ക് അതതു സ്ഥലം തന്നെ നൽകും. സ്വകാര്യ വാഹനങ്ങൾ നിലയ്ക്കൽ വരെയേ വരുന്നുള്ളു എന്നതു കൊണ്ട്, കുറേക്കൂടി സൗകര്യമായി മറ്റ് മേഖലകൾ കൊടുക്കണമെങ്കിൽ അതും ആകാം. കരാറുകാരോട് അപേക്ഷ നൽകാൻ നിർദേശിച്ചിരിക്കുകയാണ്. ഏറ്റവും കൂടുതൽ തുകയ്ക്കു ലേലം പിടിച്ചിരിക്കുന്ന ഹോട്ടൽ പ്രധാന സ്ഥലത്ത് നൽകേണ്ടി വരും. കരാറുകാരുമായി ചർച്ച ചെയ്ത ശേഷമേ ഇക്കാര്യം തീരുമാനിക്കുകയുള്ളു.

ഈമാസം 16ന് മാസപൂജയ്ക്കു വരുന്നവർക്ക് അന്നദാനം ഉൾപ്പെടെ സൗകര്യങ്ങൾ ഏർപ്പെടുത്തും. അയ്യപ്പസേവാസംഘം, അയ്യപ്പസേവാ സമാജം, തുടങ്ങി നിരവധി സംഘടനകൾ അന്നദാനത്തിനായി വരാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ദേവസ്വം ബോർഡും അയ്യപ്പസേവാ സംഘവുമാണ് നേരത്തെ മുതൽ അന്നദാനം ചെയ്തു കൊണ്ടിരിക്കുന്നത്. മാസപൂജ കാലത്ത് ഭക്ഷണത്തിന്റെ കാര്യത്തിലോ പ്രാഥമികാവശ്യങ്ങളുടെ കാര്യത്തിലോ, വാഹനത്തിന്റെ കാര്യത്തിലോ ഒരു കുറവും വരുകയില്ല. പമ്പയിലെ നടപ്പന്തലിന്റെ കാര്യത്തിൽ സ്ഥിരം നിർമിതി വേണ്ട എന്നാണ് തീരുമാനിച്ചിരിക്കുന്നത്. നടപ്പന്തലിന് തറയൊരുക്കും. മുകളിലേക്കുള്ള നിർമിതി താൽക്കാലികമായിരിക്കും. തീർഥാടകരെ ക്രമീകരിച്ചു വിടാൻ പോലീസിന് ആവശ്യമായ ബാരിക്കേടുകൾ ഉണ്ടാകും.

കുടിവെള്ള വിതരണത്തിനായി വാട്ടർ അതോറിറ്റി നല്ല നിലയ്ക്കുള്ള പ്രവർത്തനമാണ് നടത്തുന്നത്. നിലയ്ക്കൽ ക്ഷേത്രവുമായി ബന്ധപ്പെട്ട പഴയ കുളം ചെളി കയറി മൂടി കിടക്കുകയാണ്. ഈ കുളം പഴയ രീതിയിൽ നവീകരിച്ചെടുക്കും. വനം വകുപ്പിന് ഇതുസംബന്ധിച്ച് ഉണ്ടായിരുന്ന തർക്കം പരിഹരിച്ചിട്ടുണ്ട്. പമ്പയിലെ ആശുപത്രിയിൽ മാസപൂജയോട് അനുബന്ധിച്ച് താൽക്കാലിക ചികിത്സാ സംവിധാനം ഒരുക്കും. നിലയ്ക്കൽ വിപുലമായ പാർക്കിംഗ് ഒരുക്കുന്നതിന്റെ ഭാഗമായി അവിടെ നിൽക്കുന്ന റബർ മരങ്ങളെല്ലാം മുറിച്ചു നീക്കും. ഇതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകി അയയ്ക്കും. ഇവർ താമസിക്കുന്ന ലയങ്ങൾ ഒഴിപ്പിക്കും.

കഴിഞ്ഞ രണ്ടു പൂജകൾക്കും ശബരിമലയിൽ തീർഥാടകർക്ക് പോകാൻ കഴിഞ്ഞിരുന്നില്ല. സംസ്ഥാന സർക്കാരും തിരുവിതാംകൂർ ദേവസ്വം ബോർഡും ശക്തമായി ഇടപെട്ടതിന്റെ അടിസ്ഥാനത്തിലാണ് കന്നിമാസ പൂജയ്ക്ക് തീർഥാടകർക്ക് ശബരിമലയിൽ പോകാൻ കഴിയുന്ന സാഹചര്യം ഉണ്ടായിട്ടുള്ളത്. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനിച്ചതു പോലെ ടാറ്റാ പ്രോജക്ട് ലിമിറ്റഡും പമ്പയിലെ മുഴുവൻ നിർമാണ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുകയാണ്. ദേവസ്വം ബോർഡിന്റെ ഭാഗത്തു നിന്ന് മൂന്നു ദിവസത്തിൽ ഒരിക്കൽ പ്രവർത്തനങ്ങൾ വിലയിരുത്തിയാ

ണ് മുന്നോട്ടു പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

ദേവസ്വം ബോർഡ് മെമ്പർ കെ. രാഘവൻ, ശബരിമല ഉപദേശക സമിതി ചെയർമാൻ ടി.കെ.എ. നായർ, ദേവസ്വം സെക്രട്ടറി കെ.ആർ. ജ്യോതിലാൽ, ജില്ലാ കളക്ടർ പി.ബി. നൂഹ്, ജില്ലാ പോലീസ് മേധാവി ടി. നാരായണൻ, ദേവസ്വം ബോർഡ് ചീഫ് എൻജിനിയർ ജനറൽ വി. ശങ്കരൻ പോറ്റി, ചീഫ് എൻജിനിയർ ജി.എൽ. വിനയകുമാർ, അസിസ്റ്റന്റ് എൻജിനിയർ കെ. ഹരീഷ് കുമാർ, ടാറ്റാ പ്രോജക്ട് ലിമിറ്റഡ് വൈസ് പ്രസിഡന്റ് രാജ് സിംഗ് തക്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. (പിഎൻപി 2825/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് പമ്പയിലെ ദേവസ്വം മരാമത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.
2) ദേവസ്വം ബോർഡ് പ്രസിഡന്റ് എ.പത്മകുമാറിന്റെ നേതൃത്വത്തിൽ പമ്പയിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
3) പുനർനിർമാണം നടക്കുന്ന പമ്പയിലെ വിവിധ ദൃശ്യങ്ങൾ.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
പത്തനംതിട്ട

സെപ്തംബർ 12

September 12

2018

*1193 ചിങ്ങം 27 ബുധൻ*

# പത്രക്കുറിപ്പ് 4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികൾ**
**28 ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേക്കു നൽകി**

പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ജില്ലയിലെ പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളുടെ മനംനിറഞ്ഞ സഹായവർഷം. ജില്ലയിലെ 624 പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികൾ 2806011 രൂപ നൽകിയതായി ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ എം.കെ. ഗോപി അറിയിച്ചു. സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകളിലെയും അധ്യാപക വിദ്യാർഥി പരിശീലന കേന്ദ്രങ്ങളിലെയും ധനസമാഹരണ വിവരം ലഭ്യമായിട്ടില്ല. (പിഎൻപി 2826/18)

**ഡെങ്കിപ്പനി തടയാൻ ഊർജിത ഉറവിട നശീകരണ**
**യജ്ഞത്തിൽ പങ്കാളികളാകണം: ജില്ലാ കളക്ടർ**

ഡെങ്കിപ്പനി വ്യാപകമാകുന്നതിനുള്ള സാധ്യത നിലനിൽക്കുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെ 14,15,16 തീയതികളിൽ ഊർജിത ഉറവിട നശീകരണ യജ്ഞം സംഘടിപ്പിക്കുമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. പ്രളയത്തിനു ശേഷം വീടുകൾക്കുള്ളിലും പുറത്തും പൊതുസ്ഥലങ്ങളിലും കൊതുക് പെരുകുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. കൊതുകിന്റെ സാന്ദ്രത വർധിച്ചു വരുന്ന സാഹചര്യത്തിലാണ് ഉറവിട നശീകരണ യജ്ഞം സംഘടിപ്പിക്കുന്നത്.

14ന്  വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 15ന് സർക്കാർ–സ്വകാര്യ സ്ഥാപനങ്ങൾ, നിർമാണ സ്ഥലങ്ങൾ, ബിസിനസ് സ്ഥാപനങ്ങൾ, അതിഥി സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ എന്നിവിടങ്ങളിലും 16ന് വീടുകളിലുമാണ് ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. കൊതുകുകൾ മുട്ടയിട്ടു പെരുകാത്ത തരത്തിൽ ഉറവിടങ്ങൾ കണ്ടെത്തി ഇല്ലാതാക്കണം. ഡെങ്കിപ്പനി നിയന്ത്രിക്കുന്നതിനുള്ള പ്രധാന നടപടിയാണിത്. ഈ പ്രചാരണം വിജയിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്ഥാപന മേധാവികൾ, ജീവനക്കാർ, എൻഎസ്എസ്, എൻസിസി, സ്‌കൗട്ട് ആൻഡ് ഗൈഡ്‌സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്സ്, പിടിഎ, ഹെൽത്ത് ക്ലബ്, യൂത്ത് ക്ലബ്, സർക്കാർ ഏജൻസികൾ, സന്നദ്ധ സംഘടനകൾ തുടങ്ങി എല്ലാവരുടേയും സഹകരണം ഉണ്ടാകണമെന്ന് ജില്ലാ കളക്ടർ അഭ്യർഥിച്ചു. (പിഎൻപി 2827/18)




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**